ദിശ

കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ പ്രസിദ്ധീകരണം 2019 ഫെബ്രുവരി

1000 നല്ല ദിനങ്ങൾ

സർക്കാരിന്റെ 1000 ദിനങ്ങൾ.... കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നേട്ടങ്ങളുടെ പാതയിൽ

1000 ദിനങ്ങൾക്കുള്ളിൽ

113897 ഗുണഭോക്താക്കൾക്ക് 1100 കോടി രൂപ വായ്പ

- 16710 വ്യക്തിഗത ഗുണഭോക്താക്കൾക്ക് 353 കോടി രൂപ സ്വയം തൊഴിൽ വായ്പ
- 73897 വനിതകൾക്ക് 210 കോടി രൂപ മൈക്രോ ക്രെഡിറ്റ് വായ്പ
- 2487 വിദ്യാർത്ഥികൾക്ക് 90 കോടി രൂപ വിദ്യാഭ്യാസ വായ്പ
- 8918 പെൺകുട്ടികളുടെ വിവാഹത്തിന് 155 കോടി രൂപ വിവാഹ വായ്പ
- 6832 ഗുണഭോക്താക്കൾക്ക് 119 കോടി രൂപ സുവർണശ്രീ (വിവിധോദ്ദേശ്യ) വായ്പ
- 5053 ഗുണഭോക്താക്കൾക്ക് 173 കോടി രൂപ മറ്റു പദ്ധതികൾ പ്രകാരം വായ്പ

പുതിയ വായ്പാ പദ്ധതികൾ

Return — Entrepreneurship for Returned NRKs

പ്രവാസി പുനരധിവാസ വായ്പാ പദ്ധതി

- 20 ലക്ഷം രൂപ വരെ വായ്പ
- 3 ലക്ഷം രൂപ വരെ മൂലധന സബ്സിഡി
- 3% പലിശ സബ്സിഡി

എന്റെ വീട് ഭവനനിർമ്മാണ വായ്പാ പദ്ധതി

ഒ.ബി.സി. വിഭാഗം ഭവനരഹിതർക്ക് വേണ്ടിയുള്ള ഭവനപദ്ധതി

- 10 ലക്ഷം രൂപ വരെ വായ്പ
- 15 വർഷം വരെ തിരിച്ചടവ്

Startup

ഒ.ബി.സി. പ്രൊഫഷണലുകൾക്ക് വേണ്ടിയുള്ള വായ്പാ പദ്ധതി

- 20 ലക്ഷം രൂപ വരെ വായ്പ
- 2 ലക്ഷം രൂപ വരെ മൂലധന സബ്സിഡി

പുത്തൻ ദിശാബോധം

- പാലക്കാട് കണ്ണമ്പ്രയിൽ ക്രാഫ്റ്റ് വില്ലേജ്
  ഗുണഭോക്താക്കളുടെ ഉത്പന്നങ്ങളുടെ പ്രദർശനം വിപണനം, തത്സമയ നിർമിതി

നവകേരള സൃഷ്ടിക്കായി കേരള സർക്കാരിനൊപ്പം

കേരള സംസ്ഥാന പിന്നോക്ക
വിഭാഗ വികസന കോർപ്പ
റേഷൻ പ്രസിദ്ധീകരണം
2019 ഫെബ്രുവരി

150 YEARS OF CELEBRATING THE MAHATMA

Chairman
T.K. Suresh

Directors
Gopi Kottamurikkal, Ex. MLA
AP Jayan
A Mahendran
T. Kannan
Dr. P. Pugazhendi IFS
K. Narayan (MD, NBCFDC)
Shahabas Ali (CMD, NMDFC)
Suresh Kumar PN
(Joint Secretary. BCDD)

Managing Director
K.T. Balabhaskaran

KSBCDC Registered Office
II Floor, T.C. No:27/588 (7) & (8)
Pattoor, Vanchiyoor P.O.
Thiruvananthapuram - 695 035
Ph: 0471 2577539
Email: ksbcdc@gmail.com
web: www.ksbcdc.com

Printed and Published by
Managing Director, KSBCDC
for Private Circulation-Not for Sale

എഡിറ്റോറിയൽ

രജതജൂബിലിവർഷത്തിൽ അഭിമാനപൂർവ്വം

കേരളത്തിലെ ഒ.ബി.സി. / മതന്യൂനപക്ഷ വിഭാഗങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി 1995 ൽ സ്ഥാപിതമായ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ജനലക്ഷങ്ങളുടെ പ്രതീക്ഷകൾക്ക് പിന്തുണയേകികൊണ്ട് 25-ാം വർഷത്തിലേക്ക് കാലെടുത്ത് വയ്ക്കുന്നു.

നാളിതുവരെയുള്ള കർമ്മ വീഥിയിൽ 5 ലക്ഷത്തിൽപരം കുടുംബങ്ങളെ സംതൃപ്തരായ ഗുണഭോക്തൃവൃന്ദത്തിലേക്ക് ചേർക്കാൻ സാധിച്ച കോർപ്പറേഷന്റെ ആകെ വായ്പാ വിതരണം 3200 കോടി രൂപയിൽ അധികരിച്ചു കഴിഞ്ഞു. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകറ്റി നിർത്തപ്പെട്ട പിന്നോക്കക്കാരന്റെയും സാമ്പത്തിക പരാധീനത നിമിത്തം പ്രതീക്ഷകൾ നഷ്ടപ്പെട്ട പാവപ്പെട്ടവന്റെയും ജീവിതം കൈപിടിച്ച് ഉയർത്തി, പിന്നിട്ട 24 വർഷങ്ങൾ കൊണ്ട് കെ.എസ്.ബി.സി.ഡി.സി. സൃഷ്ടിച്ച നിശബ്ദ സാമൂഹിക വിപ്ളവം ചരിത്രത്തിന്റെ ഭാഗമായി മാറികഴിഞ്ഞു.

ഈ സാമ്പത്തിക വർഷാവസാനത്തോടെ പ്രതിവർഷം 500 കോടി രൂപയിലധികം വായ്പ വിതരണം നടത്തുന്ന സ്ഥാപനമായി കെ.എസ്.ബി.സി.ഡി.സി. വളരുകയാണ്. ഇക്കഴിഞ്ഞ രണ്ടര വർഷക്കാലം കൊണ്ട് വായ്പാ വിതരണത്തിൽ കൈവന്ന പുത്തൻ ഗതിവേഗമാണ് 25-ാം വർഷം 500 കോടിയിൽപരം രൂപ വായ്പ വിതരണം നടത്തുന്ന സ്ഥാപനമായി വളരുന്നതിന് നിദാനമായത്. നോട്ടുനിരോധനവും ജി.എസ്.റ്റി. യും കേരളത്തെ ഗ്രസിച്ച മഹാപ്രളയവും പ്രതികൂല ഘടകങ്ങളായി വികസനവഴികളിൽ കാത്തുനിന്നിട്ടും മെച്ചപ്പെട്ട ആസൂത്രണവും സമയബന്ധിതമായ ഇടപെടലുകളും വഴി വളർച്ചയുടെ ഗതിവേഗത്തെ പിന്നോട്ടടിക്കാതെ നിലനിർത്തുന്നതിന് സാധിച്ചു എന്നതിൽ കെ.എസ്.ബി.സി.ഡി.സി. അഭിമാനിക്കുന്നു.

നാളിതുവരെ കൈവരിച്ച നേട്ടങ്ങളിൽ അഭിമാനം കൊള്ളുമ്പോഴും ഗുണഭോക്തൃവൃന്ദത്തിന്റെ അനുദിനം വർദ്ധിച്ചുവരുന്ന വൈവിദ്ധ്യങ്ങളാർന്ന സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുന്നതിന് കോർപ്പറേഷനെ പ്രാപ്തമാക്കേണ്ടത് അനിവാര്യമാണെന്ന ഉത്തമബോധ്യമുണ്ട്. ഈ ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ഒട്ടേറെ നടപടികൾ കഴിഞ്ഞ രണ്ടര വർഷക്കാലം കൊണ്ട് സ്വീകരിച്ചിട്ടുണ്ട്. ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്കുവേണ്ടി ആരംഭിച്ച എന്റെ വീട് ഭവന പദ്ധതി, പ്രവാസികൾക്കുവേണ്ടി നടപ്പിലാക്കിയ റീ-ടേൺ വായ്പാ പദ്ധതി, പ്രൊഫഷണലുകൾക്ക് വേണ്ടി ആരംഭിച്ച സ്റ്റാർട്ട്അപ്പ് പദ്ധതി എന്നിവ ഈ ലക്ഷ്യപ്രാപ്തി മുൻനിർത്തി സ്വീകരിച്ച നടപടികളാണ്. ഇതിനുപുറമേ പദ്ധതികൾ കൂടുതൽ പേർക്ക് പ്രയോജനകരമാകുന്നതിനുവേണ്ടി കുടുംബ വാർഷികവരുമാന പരിധി വർദ്ധിപ്പിക്കുകയും ഒട്ടേറെ പദ്ധതികൾ പ്രകാരം അനുവദനീയമായ പരമാവധി വായ്പാ തുകയിൽ കാലോചിതമായ വർദ്ധനവ് വരുത്തുകയും ചെയ്തു.

നിലവിലുള്ള 21 ഓഫീസുകൾക്ക് പുറമേ 10 പുതിയ ഓഫീസുകൾ കൂടി ആരംഭിക്കുന്നതിന് സർക്കാർ നൽകിയ അനുമതി, കോർപ്പറേഷൻ സാധ്യമാക്കി വരുന്ന സാമൂഹിക വിപ്ളവത്തിന് കൂടുതൽ ഊർജ്ജം പകരും. പദ്ധതികളുടെ ഗുണഫലം കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും സമയബന്ധിതമായ മികവുറ്റ സേവനം ഉറപ്പുവരുത്തുന്നതിനും പുതുതായി ആരംഭിക്കുന്ന ഓഫീസുകൾ സഹായകരമായി തീരും.

ഈ സ്ഥാപനത്തിന്റെ സാമൂഹിക പ്രതിബദ്ധമായ മുന്നേറ്റത്തിന് ഹേതുവായി തീർന്ന പ്രാരംഭം മുതലുള്ള ഭരണകർത്താക്കൾ, ഉദ്യോഗസ്ഥർ, ഗുണഭോക്താക്കൾ, അഭ്യുദയകാംക്ഷികൾ എന്നിവരെ നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട്, നവ കേരള സൃഷ്ടിയ്ക്കായി കേരള സർക്കാരിനോടൊപ്പം അണിചേരുന്ന കോർപ്പറേഷന്റെ തുടർന്നുള്ള പ്രയാണത്തിൽ ഏവരുടേയും പിന്തുണയും പ്രോത്സാഹനവും പ്രതീക്ഷിക്കുന്നു.

ടി.കെ. സുരേഷ്
ചെയർമാൻ

കെ.ടി. ബാലഭാസ്കരൻ
മാനേജിംഗ് ഡയരക്ടർ

കോർപ്പറേഷൻ ചെയർമാനായി **ശ്രീ.ടി.കെ. സുരേഷ്,** തുരുത്തിപ്പിള്ളിൽ, തൃക്കളത്തൂർ പി.ഒ., മൂവാറ്റുപുഴ - 683 541 26/11/2018 ന് ചുമതലയേറ്റെടുത്തു.

കോർപ്പറേഷൻ ഡയറക്ടറായി **ശ്രീ.ടി.കണ്ണൻ,** വിളയിൽ ഹൗസ്, മഞ്ഞപ്ര പോസ്റ്റ്-678 685, പാലക്കാട് 09/02/2018ന് ചുമതലയേറ്റെടുത്തു.

നിയമനങ്ങൾ

സാബു എസ്.
ജനറൽ മാനേജർ
(എച്ച്.ആർ.എം.& അഡ്മിൻ)

ഷറഫുദ്ദീൻ ബി.
ജനറൽ മാനേജർ
(പ്രോജക്ട്സ്)

ആദരാഞ്ജലി

കോർപ്പറേഷൻ ഡയറക്ടറും ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ ധനകാര്യ വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറിയുമായ **ശ്രീ. വി.രാജഷൻ** 13/01/2019 ന് നിര്യാതനായി. ഗുണഭോക്താക്കൾക്ക് പ്രയോജനകരവും കോർപ്പറേഷന്റെ ഭാവിക്ക് ഗുണകരവുമായ സമീപനമാണ് ദീർഘകാലം ഡയറക്ടറായി ചുമതല വഹിച്ച അദ്ദേഹം വച്ച് പുലർത്തിയിരുന്നത്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചിക്കുന്നു.

കാവശ്ശേരി പദ്ധതി നിർവ്വഹണത്തിന് പുരസ്കാരം

NBCFDC, NMDFC എന്നീ ദേശീയ ഏജൻസികളുടെ പദ്ധതി നടപ്പിലാക്കുന്ന ഇന്ത്യയിലെ ഏറ്റവും മികച്ച ചാലക ഏജൻസികളിൽ ഒന്നായിട്ടാണ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വിലയിരുത്തപ്പെട്ടിട്ടുള്ളത്. പദ്ധതി നിർവ്വഹണമികവിനുള്ള അംഗീകാരമായി 13 ദേശീയ പുരസ്കാരങ്ങൾ കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്.

എന്നാൽ പദ്ധതി നിർവ്വഹണത്തിലുപരിയായി ഗുണഭോക്തൃ സമൂഹത്തെ സഹായിക്കുന്നതിനുള്ള പുത്തൻ സാധ്യതകൾ പരിശോധിക്കുന്നതിന് വേണ്ടിയുള്ള കോർപ്പറേഷന്റെ പരിശ്രമം ലക്ഷ്യപ്രാപ്തിയിൽ എത്തിയ ആദ്യ പദ്ധതിയാണ് പാലക്കാട് ജില്ലയിലെ കാവശ്ശേരിയിലെ പരമ്പരാഗതമായി മൺപാത്ര തൊഴിലിൽ ഏർപ്പെടുന്ന 50 കുടുംബങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ തൊഴിൽ ആധുനീകവത്കരണ പദ്ധതി. NBCFDCയുടെ സാമൂഹിക പ്രതിബദ്ധതാ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ഈ പദ്ധതി തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ഉൽപന്നവൈവിധ്യവൽക്കരണം സാധ്യമാക്കുകയും ഉൽപന്നങ്ങളുടെ ഗുണമേന്മ ഉയർത്തുകയും ചെയ്തതു വഴി ഈ കുടുംബങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിന് വഴി തെളിക്കുകയുണ്ടായി. പദ്ധതി ഗുണഭോക്താക്കളെ ഉൾപ്പെടുത്തി സൊസൈറ്റി രൂപീകരിച്ചതു വഴി പദ്ധതിയുടെ ഗുണഫലങ്ങൾ സ്ഥായിയായി നിലനിൽക്കുമെന്ന് ഉറപ്പുവരുത്തുന്നതിനും കോർപ്പറേഷന് സാധിച്ചിട്ടുണ്ട്.

NBCFDC യുടെ സാമൂഹിക പ്രതിബദ്ധതാ പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി, പദ്ധതി പ്രദേശത്ത് നടത്തിയ സർവ്വേയുടേയും ഈ മേഖലയിലെ വിദഗ്ദ്ധരുമായുള്ള ആശയവിനിമയത്തിന്റേയും അടിസ്ഥാനത്തിൽ ഈ മേഖലയുടെ വികസനത്തിന് ഏറ്റവും അനുയോജ്യമായ രീതിയിൽ പദ്ധതി തയ്യാറാക്കുകയും, ഏറ്റവും അർഹരായ ഗുണഭോക്താക്കളെ തന്നെ തെരഞ്ഞെടുക്കുകയും, മികച്ച ആസൂത്രണവും സമയബന്ധിതമായ പദ്ധതി നിർവ്വഹണവും, പ്രാവീണ്യം തെളിയിച്ച പരിശീലകരെ നിയോഗിച്ച് നടപ്പിലാക്കിയ പ്രയോജനകരമായ പരിശീലനവും, പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് ഗുണമേന്മയുള്ള യന്ത്രങ്ങളുടെ വിതരണവും മുഖേന പരക്കെ ശ്രദ്ധ പിടിച്ചുപറ്റിയ ടി പദ്ധതി നിർവ്വഹണത്തിന് NBCFDC യുടെ പ്രത്യേക പുരസ്കാരം ലഭിച്ചിരിക്കുന്നു. NBCFDC യുടെ സാമൂഹിക പ്രതിബദ്ധതാ പദ്ധതി ഏറ്റവും മികച്ച രീതിയിൽ നിർവ്വഹിച്ചതിനുള്ള ഈ പുരസ്കാരം 11/01/2019 ന് ഡൽഹിയിലെ അംബേദ്കർ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ വച്ച് മാനേജിംഗ് ഡയറക്ടർ കെ.ടി.ബാലഭാസ്കരൻ ഏറ്റുവാങ്ങി.

എന്റെ വീട്, റീ-ടേൺ, സ്റ്റാർട്ട്-അപ്പ് പദ്ധതികൾ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ഭവനരഹിതരുടെ വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച ഭവന നിർമ്മാണ വായ്പാ പദ്ധതിയാണ് എന്റെ വീട്. പദ്ധതി പ്രകാരം 7.50 മുതൽ 8 ശതമാനം വരെ പലിശ നിരക്കിൽ 10 ലക്ഷം രൂപാവരെ വായ്പ അനുവദിക്കുന്നതാണ്. ഭവന നിർമ്മാണത്തിന് വേണ്ടി ഗ്രാമപ്രദേശത്ത് 6 സെന്റും നഗരപ്രദേശത്ത് 5 സെന്റും ഭൂമി സ്വന്തമായി ഉള്ളവർക്ക് ഈ വായ്പ ലഭിക്കുന്നതാണ്. കേരള സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫിന്റെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭവന നിർമ്മാണത്തിന് വേണ്ടി സ്വന്തമായി ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് സർക്കാർ ധനസഹായത്തിന് പുറമേ ആവശ്യമുള്ള തുക കണ്ടെത്തുന്നതിനും ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

പദ്ധതി പ്രകാരമുള്ള വായ്പാ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം 2018 മെയ് 21 രാവിലെ 9.30 ന് പാലക്കാട് ടൗൺ ഹാളിൽ വെച്ച് ബഹു:പിന്നോക്ക /പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമം, നിയമം, സാംസ്കാരികം, പാർലമെന്ററികാര്യം വകുപ്പ് മന്ത്രി ശ്രീ.എ.കെ. ബാലന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ബഹു.മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവ്വഹിച്ചു. ചടങ്ങിൽ എം.ബി. രാജേഷ് എം.പി, എം.എൽ.എ. മാരായ കെ. കൃഷ്ണൻ കുട്ടി, പി.ഉണ്ണി, കെ.ബാബു തുടങ്ങിയവർ സംസാരിച്ചു. കോർപ്പറേഷൻ ചെയർമാൻ സംഗീത് ചക്രപാണി സ്വാഗതവും മാനേജിംഗ് ഡയറക്ടർ കെ.ടി. ബാലഭാസ്ക്കരൻ റിപ്പോർട്ടും അവതരിപ്പിച്ചു. ജനറൽ മാനേജർ (പ്രോജക്ട്സ്) ആനക്കൈ ബാലകൃഷ്ണൻ നന്ദി രേഖപ്പെടുത്തി.

ബി.സി.ഡി.സി.ക്ക് ചരിത്രനേട്ടം

2017-18 സാമ്പത്തിക വർഷത്തിൽ കെ.എസ്.ബി.സി.ഡി.സി.യുടെ പ്രവർത്തനലാഭം 27.29 കോടിയായി ഉയർന്നു. കോർപ്പറേഷന്റെ അറ്റ ആസ്തി 352 കോടി രൂപയാവുകയും മൊത്തം ആസ്തി 1000 കോടി കവിയുകയും ചെയ്തു. ● സംസ്ഥാനതലത്തിൽ തന്നെ 1000 കോടി രൂപ മൊത്തം ആസ്തിയുള്ള ചുരുക്കം ചില പൊതുമേഖലാസ്ഥാപനങ്ങളിലൊന്നായി കോർപ്പറേഷൻ മാറി. ദേശീയതലത്തിൽ 500 കോടി രൂപയിൽ കൂടുതൽ മൊത്തം ആസ്തിയുള്ള Systemically Important ആയ NBFCകൾക്കിടയിലും ഇടംനേടി. ● 2017-18 സാമ്പത്തിക വർഷത്തിലെ Bureau of Public Enterprises പ്രസിദ്ധീകരിച്ച പട്ടികപ്രകാരം കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ സാമ്പത്തിക ലാഭത്തിൽ 7-ാം സ്ഥാനവും കോർപ്പറേഷൻ നേടി.

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പ്രവാസി പുനരധിവാസം ലക്ഷ്യം വച്ച് നോർക്ക റൂട്ട്സുമായി സഹകരിച്ചുകൊണ്ട് ആരംഭിച്ച റീ-ടേൺ പദ്ധതി, പിന്നാക്ക ക്ഷേമ വകുപ്പുമായി സഹകരിച്ചുകൊണ്ട് പ്രൊഫഷണലുകൾക്ക് വേണ്ടി ആരംഭിച്ച സ്റ്റാർട്ട്-അപ് പദ്ധതി എന്നിവ പ്രകാരമുള്ള വായ്പാ വിതരണത്തിന്റെ സംസ്ഥാനതല ഉത്ഘാടനം 2018 മാർച്ച് 19 ന് ഉച്ചയ്ക്ക് 12 മണിയ്ക്ക് മാസ്ക്കറ്റ് ഹോട്ടൽ കൺവെൻഷൻ സെന്ററിൽ ബഹു:പിന്നോക്ക /പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമം, നിയമം, സാംസ്കാരികം, പാർലമെന്ററികാര്യം വകുപ്പ് മന്ത്രി ശ്രീ.എ.കെ.ബാലന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ബഹു. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവ്വഹിച്ചു.

കെ.വി.അബ്ദുൾഖാദർ എം.എൽ.എ., (ചെയർമാൻ പ്രവാസികാര്യ നിയമസഭാസമിതി) കെ.വരദരാജൻ., (എക്സി. വൈസ് ചെയർമാൻ, നോർക്കാ റൂട്ട്സ്) എം.എൻ.ദിവാകരൻ (ഡയറക്ടർ, പിന്നോക്ക വിഭാഗ വികസന വകുപ്പ്), പാളയം രാജൻ (കൗൺസിലർ, തിരുവനന്തപുരം നഗരസഭ) എ.പി.ജയൻ, എ.മഹേന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു. കോർപ്പറേഷൻ ചെയർമാൻ സംഗീത് ചക്രപാണി സ്വാഗതവും മാനേജിംഗ് ഡയറക്ടർ കെ.ടി.ബാലഭാസ്ക്കരൻ റിപ്പോർട്ടും അവതരിപ്പിച്ചു.

റീടേൺ വായ്പ 20 ലക്ഷം രൂപ കൃത്യമായി തിരിച്ചടച്ചാൽ 18.50 ലക്ഷം മാത്രം തിരിച്ചടവ്

റീ-ടേൺ പദ്ധതി പ്രകാരം വരുമാന ദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും പരമാവധി 20 ലക്ഷം രൂപ 6 മുതൽ 7 ശതമാനം വരെ പലിശ നിരക്കിൽ വായ്പ ലഭിക്കുന്നതാണ്. 18 നും 65 നും മദ്ധ്യേ പ്രായമുള്ളവരും പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിരതാമസക്കാരുമായ സംരംഭകർക്കാണ് വായ്പ അനുവദിക്കുന്നത്. പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം രൂപ) വായ്പ തിരിച്ചടവിന്റെ ആദ്യ നാലു വർഷങ്ങളിൽ 3% പലിശ സബ്സിഡിയും നോർക്ക റൂട്ട്സ് അനുവദിക്കും.

സ്റ്റാർട്ട്-അപ് പദ്ധതിയുടെ ഭാഗമായി 40 വയസ്സുവരെ പ്രായമുള്ള പ്രൊഫഷണലുകൾക്ക് അവരുടെ യോഗ്യതയുമായി ബന്ധപ്പെട്ട വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭവും ആരംഭിക്കുന്നതിന് വായ്പ ലഭിക്കും. ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് വായ്പതുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നോക്ക വിഭാഗ വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കും.

ഐഎഫ്സിഐ വെഞ്ചർ ക്യാപിറ്റൽ ഫണ്ട് സംരംഭകത്വ സെമിനാർ

ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനമായ IFCI വെഞ്ചർ ക്യാപിറ്റൽ ഫണ്ട്സ് ലിമിറ്റഡ് നോഡൽ ഏജൻസിയായി രൂപീകരിച്ച വെഞ്ചർ ക്യാപ്പിറ്റൽ ഫണ്ട് നിലവിൽ വന്നിട്ടുണ്ട്. ഒ.ബി.സി. സംരംഭകർക്ക് കുറഞ്ഞത് 51% ഓഹരി പങ്കാളിത്തവും നിയന്ത്രണവും ഉള്ള കമ്പനികൾക്കും, വ്യക്തിഗത സംരംഭം, പാർട്ട്ണർഷിപ്പ് സംരംഭം, ലിമിറ്റഡ് ലയബിലിറ്റി പാർട്ട്ണർഷിപ്പ്, ഒൺ പേഴ്സണൽ കമ്പനി എന്നിവ രൂപാന്തരം പ്രാപിച്ച് ആരംഭിക്കുന്ന കമ്പനികൾക്കും വായ്പ ലഭിക്കുന്നതാണ്. 20 ലക്ഷം രൂപ മുതൽ 5 കോടി രൂപ 8% പലിശ നിരക്കിൽ ലഭ്യമാകുന്നതാണ്. സ്ത്രീകൾ, ഭിന്നശേഷിക്കാർ എന്നിവർക്ക് 7.75% നിരക്കിൽ പലിശ നൽകിയാൽ മതിയാകും.

വായ്പാ അപേക്ഷ IFCI വെഞ്ചർ ഫണ്ടിന് നേരിട്ട് സമർപ്പിക്കണം. അപേക്ഷ പരിഗണിക്കുന്നതും അനുമതി നൽകുന്നതും IFCI

പദ്ധതി പ്രയോജനപ്പെടുത്താൻ ആഗ്രഹിക്കുന്നവർക്ക് വേണ്ടി 2018 ഒക്ടോബർ 5-ാം തീയതി എറണാകുളം പ്രസിഡൻസി ഹോട്ടലിൽ വച്ച് ഏകദിന സംരംഭകത്വ സെമിനാർ സംഘടിപ്പിച്ചു. കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കെ.ടി.ബാലഭാസ്ക്കരൻ സ്വാഗതം ആശംസിച്ചു. കോർപ്പറേഷൻ ചെയർമാൻ സംഗീത് ചക്രപാണി അദ്ധ്യക്ഷത വഹിച്ചു. അഹമ്മദാബാദ് IIM ലെ മാർക്കറ്റിംഗ് വിഭാഗം മുൻ പ്രൊഫസർ ഡോ.എബ്രഹാം കോശി മുഖ്യപ്രഭാഷണം നടത്തി. IFCI വെഞ്ചർ ക്യാപിറ്റൽ ഫണ്ട്സ് ജനറൽ മാനേജർ ശ്രീമതി പൂനംഗാർഗ് പദ്ധതി വിശദീകരിച്ചു. നിലവിലുള്ള സംരംഭം കമ്പനിയായി പരിവർത്തനം ചെയ്യുന്നതിനുള്ള നടപടിക്രമം കോർപ്പറേഷന്റെ കമ്പനി സെക്രട്ടറി രാം ഗണേഷ് വിശദീകരിച്ചു. 250 ൽ പരം സംരംഭകർ സെമിനാറിൽ സംബന്ധിച്ചു.

പ്രവർത്തനമികവിന് അംഗീകാരം

2017-18 സാമ്പത്തിക വർഷം മികച്ച പ്രവർത്തനം കാഴ്ചവച്ച ജില്ലാ / ഉപജില്ലാ ഓഫീസുകൾക്ക് പുരസ്കാരം നൽകി. കോട്ടയം (ഏറ്റവും മികച്ച ജില്ലാ ഓഫീസ്), വർക്കല (ഏറ്റവും മികച്ച ഉപജില്ലാ ഓഫീസ്), കോഴിക്കോട് (പദ്ധതി നിർവ്വഹണത്തിൽ മികവ് പുലർത്തിയ ഓഫീസ്), കണ്ണൂർ (വായ്പാ തിരിച്ചടവിൽ മികവു പുലർത്തിയ ഓഫീസ്) എന്നിവയാണ് അവാർഡ് ജേതാക്കൾ.

പ്രവർത്തനമികവിന് ഏർപ്പെടുത്തിയ ഈ അവാർഡ്, ഓഫീസുകൾ തമ്മിൽ ആരോഗ്യകരമായ മത്സരം സംജാതമാക്കിയിട്ടുണ്ട്. ഇത് എല്ലാ ഓഫീസുകളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പ് വരുത്തുന്നതിനും സഹായകരമായി തീർന്നിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷവും സമാന രീതിയിൽ മികച്ച ഓഫീസുകൾക്ക് അവാർഡ് നൽകുന്നതാണ്.

അതിജീവനം... പുനർനിർമ്മാണം

2018 ആഗസ്റ്റ് മാസം കേരളം നേരിട്ടത് സമാനതകളില്ലാത്ത മഹാപ്രളയമാണ്. ലക്ഷക്കണക്കിന് ജനങ്ങൾ അഭയാർത്ഥികളായി തീരുകയും ജീവനും സ്വത്തിനും വ്യാപക നഷ്ടം സംഭവിക്കുകയും ചെയ്തു. പ്രളയമുഖത്ത് സഹായമെത്തിക്കുന്നതിനും പ്രളയാനന്തര കേരള പുനർനിർമ്മാണത്തിൽ പങ്കാളിയാകുവാനും കോർപ്പറേഷനും ജീവനക്കാരും മുന്നിട്ടിറങ്ങി. NBCFDC യുടെ സാമൂഹിക പ്രതിബദ്ധതാ പദ്ധതി വിനിയോഗിച്ച് വിവിധ ജില്ലകളിലെ പ്രളയബാധിതർക്ക് 3 ലക്ഷത്തോളം രൂപയുടെ ആവശ്യ സാമഗ്രികൾ വിതരണം ചെയ്തു. ഇതിനുപുറമേ ജീവനക്കാരുടെ നേതൃത്വത്തിലും വിവിധ പ്രദേശങ്ങളിൽ അവശ്യ സാധനസാമഗ്രികളുടെ വിതരണം നടന്നു.

KSBCDCയിൽ നിന്ന് 1.09 കോടി രൂപ കേരള പുനർനിർമാണത്തിന്

പ്രളയാന്തര പുനർനിർമ്മാണമെന്ന ലക്ഷ്യപ്രാപ്തിയ്ക്കായി കോർപ്പറേഷനും സർക്കാരിനൊപ്പം കൈകോർക്കുന്നു. 2017-18 വർഷത്തെ കോർപ്പറേഷന്റെ സാമൂഹിക പ്രതിബദ്ധതാ ഫണ്ടിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കൈമാറി. കോർപ്പറേഷനിലെ മഹാഭൂരിപക്ഷം ജീവനക്കാരും ഒരു മാസത്തെ ശമ്പളം സംഭാവന ചെയ്യുന്നതിന് സന്നദ്ധരായി മുന്നോട്ടുവന്നു. ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് കിഴിവ്ചെയ്ത 40.84 ലക്ഷം രൂപ കൈമാറികഴിഞ്ഞു. വരും മാസങ്ങളിൽ കിഴിവ് ചെയ്യുന്ന തുക കൂടി കൈമാറുന്നതോടെ ജീവനക്കാരുടെ വിഹിതം 59 ലക്ഷം രൂപയോളമാകുന്നതാണ്.

കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത പ്രളയബാധിത പ്രദേശങ്ങളിലെ ഗുണഭോക്താക്കൾക്ക് വായ്പാ തിരിച്ചടവിൽ സാവകാശം നൽകുന്നതിന് മെറോട്ടോറിയം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വായ്പാ ബാധ്യത തീർക്കുന്നതിന് താല്പര്യപ്പെടുന്നവർക്ക് വേണ്ടി ആകർഷകമായ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

പുത്തൻ പ്രതീക്ഷ..... 10 പുതിയ ഓഫീസുകൾ

1995 ൽ പ്രവർത്തനമാരംഭിച്ച കോർപ്പറേഷന് 2013 വരെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഓരോ ഓഫീസ് വീതമാണ് ഉണ്ടായിരുന്നത്. കൂടുതൽ ജനവിഭാഗങ്ങൾക്ക് കോർപ്പറേഷന്റെ പദ്ധതികൾ പ്രയോജനപ്പെടുന്നതിനും, മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനും വേണ്ടി 2014 ൽ 6 ഉപ ജില്ലാ ഓഫീസുകൾ ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിലെ വർക്കല, ആലപ്പുഴ ജില്ലയിലെ ഹരിപ്പാട്, തൃശ്ശൂർ ജില്ലയിലെ ചേലക്കര, പാലക്കാട് ജില്ലയിലെ പട്ടാമ്പി, മലപ്പുറം ജില്ലയിലെ വണ്ടൂർ, തിരൂർ എന്നിവിടങ്ങളിൽ ഉപജില്ലാ ഓഫീസുകൾ ആരംഭിച്ചു. ജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ 10 പുതിയ ഓഫീസുകൾ കൂടി ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള തസ്തികകളും അനുവദിച്ചിട്ടുണ്ട്.

ക്രമ നമ്പർ	ഓഫീസ്	പ്രവർത്തന പരിധിയിൽ വരുന്ന താലൂക്കുകൾ
1	നെയ്യാറ്റിൻകര	കാട്ടാക്കട, നെയ്യാറ്റിൻകര
2	പത്തനാപുരം	പുനലൂർ, പത്തനാപുരം, കൊട്ടാരക്കര
3	കരുനാഗപ്പള്ളി	കരുനാഗപ്പള്ളി
4	ചേർത്തല	ചേർത്തല
5	നെടുങ്കണ്ടം	ദേവികുളം, ഉടുമ്പഞ്ചോല
6	മൂവാറ്റുപുഴ	കുന്നത്തൂനാട്, കോതമംഗലം, മൂവാറ്റുപുഴ
7	വടക്കഞ്ചേരി	ആലത്തൂർ
8	പേരാമ്പ്ര	കൊയിലാണ്ടി, വടകര
9	തലശ്ശേരി	ഇരിട്ടി, തലശ്ശേരി
10	കാഞ്ഞങ്ങാട്	ഹോസ്ദുർഗ്, വെള്ളരിക്കുണ്ട്

BCDC IN NEWS

ന്നാക്കാ വിഭാഗ കോർപ്പറേഷ
ുതിയ ഉപജില്ലാ ഓഫീസുക

ഒബിസി സംരംഭകർക്ക് അഞ്ചുകോടിവരെ വെഞ്ചർ കാപിറ്റൽ ഫണ്ട്

തിരുവനന്തപുരം

ഒബിസി വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക്കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപറേഷൻ അഞ്ചുകോടി രൂപവരെ വെഞ്ചർ കൃാപിറ്റൽ ഫണ്ടിന് രൂപംനൽകി. ഫണ്ടിന്റെ നോഡൽ ഏജൻസി കേന്ദ്ര സർക്കാർ സ്ഥാപനമായ ഫിസിഐഎ വെഞ്ചർ

മൈക്രോ ക്രെഡിറ്റ് വായ്പാപരിധി 2 കോടിയാക്കും: മുഖ്യമന്ത്രി

പിന്നാക്ക വികസന കോർപറേഷന് ദേശീയ പുരസ്കാരം

തിരുവനന്തപുരം▸ ദേശീയ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സാമൂഹിക പ്രതിബദ്ധത പദ്ധതി നിർവഹണത്തിനുള്ള ദേശീയ പുരസ്കാരം കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന് ഡൽഹിയിൽ നടന്ന ചടങ്ങിൽ കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ കെ.ടി. ബാലഭാസ്കരൻ അവാർഡ് ഏറ്റുവാങ്ങി.

സാമൂഹ്യ പ്രതിബദ്ധത പദ്ധതി നിർവ്വഹണത്തിനുള്ള ദേശീയ പുരസ്കാരം

'ജന്മനാട്ടിൽ സംരംഭകരാവാൻ പ്രവാസികളെ സഹായിക്കും'

ലോൺമേള, ബോധവൽക്കരണ ക്യാമ്പുകൾ